# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :1279.

12.03.2015 -ൽ മറുപടിയ്ക്ക്

## ഉപഭോക്തൃഫോറങ്ങളുടെ പ്രവർത്തനവും പുന:സംഘടനയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ.<br>ശ്രീ. വി.റ്റി. ബൽറാം.<br>ശ്രീ. അൻവർ സാദത്ത്.<br>ശ്രീ. വി.ഡി. സതീശൻ. | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലും ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ തിരുവനന്തപുരത്ത് ഉപഭോക്തൃതർക്കപരിഹാര കമ്മീഷനും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഫോറത്തിന്റെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന വിശദീകരിക്കാമോ; | (ബി) | ഉപഭോക്താക്കളുടെ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി നടപ്പാക്കിയിട്ടുള്ള 1986 ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റിന്റെ അടിസ്ഥാനത്തിലാണ് ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പ്രവർത്തിക്കുന്നത്. ഉപഭോക്താവ് എന്ന നിലയിലുള്ള പൊതുജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയാണ് പ്രധാനമായും കമ്മീഷന്റെയും ഫോറങ്ങളുടേയും പ്രവർത്തനം വഴി ലക്ഷ്യമിടുന്നത്. ഉപഭോക്താവിന്റെ സുരക്ഷയ്ക്കുള്ള അവകാശം, ഉല്പന്നം/ സേവനം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും അറിയാനുള്ള അവകാശം, തെരഞ്ഞെടുക്കാനുള്ള അവകാശം, പരാതിപ്പെടാനുള്ള അവകാശം, പരിഹാരം തേടാനുള്ള അവകാശം, ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നിവ സംരക്ഷിക്കപ്പെടേണ്ടതും ഇവയുടെ പ്രധാന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തിൽപ്പെടുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ വേഗത്തിൽ പരാതി പരിഹാരം ലഭ്യമാക്കുക എന്നതും കമ്മീഷൻ/ ഫോറങ്ങൾ ലക്ഷ്യമിടുന്നു. |
| (സി) | ഉപഭോക്തൃ ഫോറങ്ങൾ പുന: സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (സി) | പ്രസിഡന്റുമാരുടേയും അംഗങ്ങളുടേയും നിയമന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകൾ നികത്തുകയാണ് ചെയ്യുന്നത്. 5 വർഷം തികയുന്നതോ അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നതോ ഏതാണോ ആദ്യം എന്നതാണ് പ്രസിഡണ്ടുമാരുടേയും അംഗങ്ങളുടേയും നിയമന കാലാവധി. എല്ലാ ജില്ലാ ഫോറങ്ങളിലേയും ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നുണ്ട്. |
| (ഡി) | ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.